XVI അവലോകനം

മി: സ്പീക്കർ: പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനമാണ് ഇന്നിവിടെ അവസാനിക്കുന്നത്. ജൂൺ ഒൻപതിനാണ് സമ്മേളനം ആരംഭിച്ചത്. ഇന്നുവരെ 27 ദിവസമാണ് സഭ സമ്മേളിച്ചത്. ഇതിൽ 13 ദിവസം ധനാഭ്യർത്ഥന ചർച്ചയ്ക്കാണ് നീക്കിവച്ചത്. ആദ്യദിവസം (9-6-2014) മുല്ലപ്പെരിയാർ വിഷയത്തിൽ ചട്ടം 130 അനുസരിച്ചുള്ള ചർച്ച നടന്നു. മേയ് മാസം 7-ാം തീയതി മുല്ലപ്പെരിയാർ വിഷയം സംബന്ധിച്ചുണ്ടായ സുപ്രീംകോടതി വിധിയെ തുടർന്നുണ്ടായ സ്ഥിതി വിശേഷത്തെപ്പറ്റിയുള്ള സംസ്ഥാനത്തിന്റെ ഉത്കണ്ഠ കേന്ദ്രത്തെ അറിയിക്കാനുള്ള പ്രമേയം ചർച്ചക്കുശേഷം ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി. 4 ദിവസം അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി വിനിയോഗിച്ചു. ഈ ദിനങ്ങൾ മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഫലപ്രദമായി വിനിയോഗിക്കാൻ നമുക്ക് സാധിച്ചു. 16 അനൗദ്യോഗിക ബില്ലുകൾ അവതരണാനുമതി തേടി. മൂന്ന് അനൗദ്യോഗിക പ്രമേയങ്ങൾ സഭ പാസ്സാക്കുകയും ചെയ്തു. അതിൽ രണ്ടെണ്ണം സഭ ഐകകണ്ഠ്യേന പാസ്സാക്കി. ഏഴ് ദിവസങ്ങൾ നിയമ നിർമ്മാണത്തിനായിട്ടുള്ളതായിരുന്നു. ധനകാര്യ ബില്ലുകളും ധനവിനിയോഗ ബില്ലുകളും ഉൾപ്പെടെ 9 ബില്ലുകൾ സഭ പാസ്സാക്കുകയും ഒരു ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തു.

ഈ സമ്മേളനത്തിന്റെ പ്രധാന വിഷയം, ബഡ്ജറ്റിന്റെ വകുപ്പുതിരിച്ചുള്ള ചർച്ചയായിരുന്നു. എല്ലാ വകുപ്പുകളെയും കുറിച്ച് ക്രിയാത്മകമായ ചർച്ചകൾ സഭയിൽ നടന്നുവെന്നത് ഇത്തവണ അഭിമാനകരമായ കാര്യമാണ്. എല്ലാ അംഗങ്ങളും ചർച്ചയിൽ പങ്കെടുക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തുകയും ചെയ്തുവെന്നത് സന്തോഷകരമാണ്. 46 ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കി. ഈ സമ്മേളനത്തിൽ 2014-15 ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളും പാസ്സാക്കി.

സഭയിൽ 25 അടിയന്തരപ്രമേയാവതരണത്തിനുള്ള നോട്ടീസ് ലഭിച്ചെങ്കിലും പ്രമേയാവതരണത്തിനുള്ള അനുമതി നിഷേധിച്ചു. ഇതിൽ റെയിൽവേ ചാർജ്ജ് വർദ്ധനവിനെക്കുറിച്ചുള്ള അടിയന്തരപ്രമേയം രണ്ട് മണിക്കൂർ സഭ ചർച്ച ചെയ്തു. ചർച്ചയിലുയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ചാർജ്ജ് വർദ്ധനവ് പിൻവലിക്കണമെന്നാവശ്യപ്പെടുന്ന ഒരു പ്രമേയം ഗവൺമെന്റ് ഭാഗത്ത് നിന്ന് അവതരിപ്പിക്കുകയും അത് ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യോത്തരങ്ങൾ ഈ സമ്മേളനത്തിൽ സജീവമായി. സഭാതലത്തിൽ കൂടുതൽ ചോദ്യങ്ങൾക്ക് ഉത്തരം പറയുകയും എല്ലാ അംഗങ്ങളും സജീവമായി ചോദ്യോത്തര വേളയിൽ പങ്കെടുക്കുകയും ചെയ്തു. ചോദ്യങ്ങൾക്കായി മൊത്തം 16582 നോട്ടീസാണ് ലഭിച്ചത്; 810 നക്ഷത്രചിഹ്നമിട്ടതും ബാക്കി നക്ഷത്രചിഹ്നമിടാത്തതും. സഭയിൽ 92 ചോദ്യങ്ങൾക്ക് വാക്കാൽ മറുപടി നൽകി. ഇതിന്മേൽ 767 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെടുകയും ഇവയ്ക്ക് വാക്കാൽ മറുപടി ലഭിക്കുകയും ചെയ്തു. 3 അടിയന്തര ചോദ്യങ്ങൾക്കും സഭയിൽ മറുപടി നൽകി.

ഈ സമ്മേളനത്തിൽ 54 ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകൾക്ക് സഭയിൽ ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകി. 410 സബ്മിഷനുകൾ സഭയിൽ അവതരിപ്പിച്ചു ഇവയ്ക്ക് മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

നിയമസഭയിലെ ജോലികൾ പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്വെയറിലേയ്ക്ക് മാറിയത് ഈ കാലയളവിലാണ്. അത് നടപ്പിൽ വരുത്തിയതിന് സഭയിലെ ജീവനക്കാരെ സഭയ്ക്കുവേണ്ടി ഞാൻ അഭിനന്ദിക്കുന്നു. നിയമസഭാ പ്രസ്സിൽ അച്ചടിക്കായി ഉപയോഗിക്കുന്നതും സ്വതന്ത്ര സോഫ്റ്റ്വെയറാണ്. തികച്ചും സങ്കീർണ്ണവും അധികശ്രദ്ധ വേണ്ടതുമായ നിയമസഭയിലെ ജോലികൾ സമയബന്ധിതമായി സ്വതന്ത്ര സോഫ്റ്റ്വെയറിലേയ്ക്ക് മാറ്റിയതിന് നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരെയും സാങ്കേതിക വിദഗ്ധരെയും തീർച്ചയായും ഒന്നുകൂടി അഭിനന്ദിക്കുന്നു.

നിയമസഭയുടെ പാർലമെന്ററി പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജിയർ ആരംഭിച്ചതും ഈ കാലയളവിലാണ്.

ചട്ടം 130 അനുസരിച്ചുള്ള 2 ചർച്ചകളും ചട്ടം 58 അനുസരിച്ചുള്ള ഒരു ചർച്ചയും സഭയിൽ നടന്നു. ചട്ടം 300 അനുസരിച്ചുള്ള രണ്ട് പ്രസ്താവനകൾ മന്ത്രിമാർ നടത്തി.

വളരെ ചാരിതാർത്ഥ്യം നൽകുന്ന ഒരു സമ്മേളനമായിരുന്നു ഇത്. അതിൽ ഒരുകാര്യം പറയാൻ ചെയർ ആഗ്രഹിക്കുന്നു. ആർക്കും പ്രത്യേകിച്ചൊന്നും തോന്നരുത്. സഭയിലെ ചെറുപ്പക്കാരായ അംഗങ്ങൾ കുറച്ചുകൂടി സഭാ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കണമെന്ന് പൊതുവായി അവരോട് ചെയർ അഭ്യർത്ഥിക്കുന്നു. സഭാപ്രവർത്തനങ്ങളെ കുറേക്കൂടി ഗൗരവതരമായി കാണുകയും കുറച്ചധികം സമയം സഭാ പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുകയും വേണം. ഈ പറയുന്ന ചെയർ ഉൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെയുള്ള മിക്കവാറും ആളുകൾ ഇവരുടെയൊക്കെ അതേ പ്രായത്തിൽ ആദ്യം സഭയിൽ വന്നവരാണ്. അതുകൊണ്ടുമാത്രമല്ല, സഭയിൽ ശ്രദ്ധിക്കാതെ, പഠിക്കാതെ, ഹോം വർക്ക് നടത്താതെ ഒരിക്കലും നല്ല സഭാംഗമായോ പാർലമെന്റേറിയനായോ മാറാൻ ആർക്കും കഴിയില്ല. നാളെ അധികാരത്തിന്റെ മുഖ്യധാരയിലേയ്ക്ക് വരുന്നവർക്ക് ഇതെല്ലാം അത്യാവശ്യമാണെന്ന് സൂചിപ്പിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇത് പറഞ്ഞത്. ആരെയും പ്രത്യേകിച്ച് മനസ്സിൽ കണ്ടുകൊണ്ടല്ല. ക്രിയാത്മകമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ചർച്ചകളും ഇരുഭാഗത്തുമുള്ള അംഗങ്ങളിൽനിന്നും ഉണ്ടായി. ഇത്തരം ആരോഗ്യകരമായ ചർച്ചകൾക്കും സംവാദങ്ങൾക്കുമുള്ള വേദിയായി, നിയമസഭ മാറുമ്പോഴേ നിയമനിർമ്മാണം കാര്യക്ഷമമാവുകയുള്ളൂ. ജനകീയ പ്രശ്നങ്ങൾ, നാടിന്റെ വികസന കാര്യങ്ങൾ തുടങ്ങിയ വിഷയങ്ങൾ ഈ സമ്മേളനത്തിൽ വളരെ ഭംഗിയായി ചർച്ച ചെയ്യപ്പെട്ടു എന്നതിൽ നമുക്കഭിമാനിക്കാവുന്നതാണ്. ഈ സമ്മേളനത്തിലൂടെ നമുക്ക് ജനാധിപത്യ മൂല്യങ്ങൾ ഒരു പരിധിവരെ ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞുവെന്നത് സന്തോഷകരമായ ഒന്നാണ്. ഇതിൽ ചെയറിന് വളരെയേറെ സംതൃപ്തിയും സന്തോഷവുമുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട കക്ഷിനേതാക്കൾ, ബഹുമാനപ്പെട്ട എം.എൽ.എ.മാർ, മാധ്യമ പ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങി സമ്മേളനം ഭംഗിയായി നടത്താൻ സഹായിച്ച ഏവർക്കും ചെയർ നന്ദിപ്രകാശിപ്പിക്കുന്നു. എല്ലാവർക്കും റംസാൻ ആശംസകളും ഓണാശംസകളും നേരുന്നു.

സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.

(2014 ജൂലൈ മാസം 17-ാം തീയതി വൈകുന്നേരം 04.38-ന്
ദേശീയഗാനാലാപനത്തോടെ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly